പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3045 07/02/2018 ൽ മറുപടിയ്ക്ക്

## കലോത്സവ മേളകൾ സുതാര്യമാക്കുവാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ. വി.എസ്. ശിവകുമാർ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ കലോത്സവ വേദിയിൽ ഇടനിലക്കാരുടെ ആധിപത്യമാണെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ കലോത്സവ മേളകൾ സുതാര്യമാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) ഇടനിലക്കാരുടെ ആധിപത്യം പൂർണ്ണമായും ഒഴിവാക്കണമെന്ന ഉദ്ദേശത്തോടെയാണ് കലോത്സവ മാന്വൽ പരിഷ്കരിച്ചത്. അതുപ്രകാരം തുടർച്ചയായി രണ്ട് വർഷം ഒരേയിനത്തിൽ വിധികർത്താക്കളായി ഇരുന്നവരെയും ജില്ലകളിലും, സബ് ജില്ലകളിലും വിധികർത്താവായിരുന്ന വരേയും ഒഴിവാക്കി. കൂടാതെ കലോത്സവം സുതാര്യമാക്കുന്നതിന്റെ ഭാഗമായി ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ ഒഴിവാക്കി. |
| (ബി) കഴിഞ്ഞ വർഷത്തെ കലോത്സവത്തിൽ ഉണ്ടായ കോഴ വിവാദവുമായി ബന്ധപ്പെട്ട അന്വേഷണം ഏത് ഘട്ടത്തിലാണ്; ഇതു സംബന്ധിച്ച കുറ്റക്കാർ ആരെന്ന് കണ്ടെത്തിയിട്ടുണ്ടോ; അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; | (ബി) കഴിഞ്ഞ വർഷത്തെ കോഴ വിവാദവുമായി ബന്ധപ്പെട്ട് പോലീസ്, വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തി വരികയാണ്. |
| (സി) തൃശ്ശൂരിൽ നടന്ന സ്കൂൾ കലോത്സവത്തിന്റെ വിധികർത്താക്കളെക്കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചിരുന്നോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി എന്തൊക്കെയാണ് എന്നറിയിക്കുമോ? | (സി) തൃശ്ശൂരിൽ നടന്ന സ്കൂൾ കലോത്സവവുമായി ബന്ധപ്പെട്ട് വിധികർത്താക്കൾക്കെതിരെ യാതൊരു പരാതിയും ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Hadeena
സെക്ഷൻ ഓഫീസർ